# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2104

22.01.2014 -ലെ മറുപടിക്ക്

## താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീമിന്റെ തിരോധാനം

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹീം | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം എന്നയാളുടെ തിരോധാനം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) അബ്ദുൾ കരീം, S/o. കാതിരി ഹാജി, എരഞ്ഞോണ ഹൗസ് എന്നയാളെ കാണ്മാനില്ല എന്ന കാര്യത്തിന് കാണാതായ അബ്ദുൾ കരീം എന്നയാളുടെ മകൻ മിദ്‌ലാജ് എന്നയാളുടെ പരാതിയിൽ 02.10.2013 തീയതി താമരശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 764/13 u/s 57 of KP Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.<br>കാണാതായ അബ്ദുൾ കരീം 23 വർഷത്തോളമായി വിദേശത്ത് ബിസിനസ്സ് നടത്തുകയായിരുന്നു. കൂടാതെ നാട്ടിൽ വരുന്ന സമയത്ത് നാട്ടിലും റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്താറുണ്ടായിരുന്നു. ടിയാന് ഭാര്യയും മൂന്ന് മക്കളും ഉണ്ട്. വിദേശത്ത് ടിയാന് വേറൊരു ഭാര്യയും ഒരു കുട്ടിയും ഉള്ളതായും ഈ വിവരം നാട്ടിൽ അറിഞ്ഞതിന് ശേഷം സ്വന്തം ഭാര്യ ടിയാനുമായി നീരസത്തിൽ ആയിരുന്നുവെന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ശേഷം 29.09.2013 തീയതി ടിയാൻ വീട്ടിൽ നിന്നും പോയശേഷം ടിയാനെപ്പറ്റി യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതാണ്. കേസ്സിന്റെ തെളിവിലേക്കായി ഇതുവരെ 29 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സൈബർ സെൽ മുഖേന നടത്തിയ അന്വേഷണത്തിൽ നിന്നും ടിയാനെ കണ്ടെത്തുവാൻ വേണ്ട |

| | | |
|---|---|---|
| | | വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. 02.10.2013 തീയതി മുതൽ കേസ്സിന്റെ അന്വേഷണം നടത്തിയത് താമരശ്ശേരി പോലീസ് സ്റ്റേഷനിലെ എസ്.ഐ.(ഗ്രേഡ്) ശ്രീ. ചന്ദ്രൻ ആണ്. ശേഷം 09.10.2013 തീയതി മുതൽ ടി കേസ്സ് ഊർജ്ജിത അന്വേഷണത്തിനായി താമരശ്ശേരി പോലീസ് ഇൻസ്പെക്ടറായ ശ്രീ. പി. ബിജുരാജ് ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**